പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 766

12/06/2013-ൽ
മറുപടിയ്ക്കു്

## കൊച്ചിൻ ദേവസ്വത്തിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) കൊച്ചിൻ ദേവസ്വത്തിൽ ക്ഷേത്ര ജീവനക്കാരെ ദേവസ്വത്തിന് നേരിട്ട് നിയമിക്കാമെന്ന ചട്ടത്തിന്റെ മറവിൽ വഴിവിട്ട നിയമനങ്ങൾ നടക്കുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ എന്തന്വേഷണം നടത്തിയെന്നറിയിക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) 2012 ജനുവരി മുതൽ കൊച്ചിൻ ദേവസ്വം ബോർഡ് നടത്തിയ ദിവസവേതനത്തിലും അല്ലാതെയുമുള്ള താൽക്കാലിക നിയമനം എത്രയായിരുന്നുവെന്നും അക്കാലയളവിൽ വിവിധ തസ്തികകളിൽ സ്ഥിരപ്പെടുത്തിയവരെത്രയെന്നും അറിയിക്കാമോ; | ബി) 2012 ജനുവരി മുതൽ കൊച്ചിൻ ദേവസ്വം ബോർഡ് ദിവസ വേതനത്തിലും അല്ലാതെയും താൽക്കാലിക അടിസ്ഥാനത്തിൽ 48 പേരെയും ക്ഷേത്ര ജീവനക്കാരായി 119 പേർക്ക് സ്ഥിര നിയമനവും (ശാന്തിക്കാർ-32, മറ്റു തസ്തികകളിൽ-87) നൽകിയിട്ടുണ്ട്. |
| സി) ക്ഷേത്രജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരായി നിയമിച്ചതിന്റെ വിശദാംശം നൽകാമോ; | സി) കൊച്ചിൻ ദേവസ്വം ബോർഡിലെ വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം ബോർഡ് അംഗീകരിച്ച 109 കണ്ടിജൻറ് തസ്തികകളിലേയ്ക്ക് ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ ക്ഷേത്ര ജീവനക്കാരുടെ ഗണത്തിൽപ്പെടുത്തി അടിച്ചുതളി നിയമനം നടത്തിയിട്ടുണ്ട്. ഇപ്രകാരം സ്ഥിരപ്പെടുത്തിയവരിൽ ചിലർ സ്ഥിരപ്പെടുത്തുന്നതിന് മുൻപ് ജോലി ചെയ്തിരുന്ന സ്ഥലങ്ങളിൽത്തന്നെ ജോലിയിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ജോലി ചെയ്യുന്നവർക്ക് എസ്റ്റാബ്ലിഷ്മെൻറ് വിഭാഗത്തിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. |
| ഡി) ബോർഡിലെ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു സ്വതന്ത്രസമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ